## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2516 12.06.2018- ൽ മറുപടിയ്ക്ക്

### പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. മുരളീധരൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഇന്ത്യൻ ഫൈനാൻഷ്യൽ ടെക്നോളജി ആന്റ് അലൈഡ് സർവ്വീസസ് എന്ന കമ്പനിക്ക് സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഏകീകൃത സോഫ്റ്റ് വെയർ ഏർപ്പെടുത്തുന്നതിനുള്ള ചുമതല നൽകുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;<br>(ബി) പ്രസ്തുത കമ്പനി നൽകിയ പ്രൊപ്പോസൽ പരിഗണിക്കുന്നതിനും ആയത് നടപ്പിലാക്കുന്നത് സംബന്ധിച്ച് തീരുമാനം എടുക്കുന്നതിനും ഉദ്യോഗസ്ഥതല സമിതിയെ നിയോഗിച്ചിട്ടുണ്ടോ; | (എ) യും (ബി) യും സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് IFTAS സമർപ്പിച്ച നിർദ്ദേശത്തിൽ ചർച്ചകൾ നടന്നു വരുന്നു. IFTAS -സോഫ്റ്റ് വെയറിന്റെ സാങ്കേതികത സോഫ്റ്റ് വെയർ കോസ്റ്റ്, ആവർത്തന ചെലവ് തുടങ്ങിയവ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനായി 19.03.2018-ലെ സ.ഉ.(സാധാ)നം.167/2018/സഹ. ഉത്തരവ് പ്രകാരം ഒരു ഉദ്യോഗസ്ഥതല കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത കമ്മിറ്റി ഐ.എഫ്.റ്റി.എ.എസ്. സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേലെടുത്ത തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ; | (സി) ഉദ്യോഗസ്ഥതല കമ്മിറ്റി IFTAS-ന്റെ നിർദ്ദേശം പരിശോധിച്ചു വരികയാണ്. ഇക്കാര്യത്തിൽ കമ്മിറ്റി തീരുമാനങ്ങൾ കൈക്കൊണ്ട് അറിയിച്ചിട്ടില്ല. |
| (ഡി) ഇന്ത്യൻ ഫൈനാൻഷ്യൽ ടെക്നോളജി ആന്റ് അലൈഡ് സർവ്വീസസ് ആർ.ബി.ഐ യുടെ ഉപകമ്പനിയാണോ; സംസ്ഥാനത്തെ ഏതെങ്കിലും ജില്ലാ സഹകരണ ബാങ്കിൽ പ്രസ്തുത കമ്പനി തയ്യാറാക്കിയ സോഫ്റ്റ് വെയർ | (ഡി) RBI, CDAC, CCICI, IDRBT, NABARD തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി IDRBT രൂപീകരിച്ച സ്ഥാപനമാണ് IFTAS.<br>ഇല്ല. |

ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ കാര്യക്ഷമതയെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

**സെക്ഷൻ ഓഫീസർ**